പത്രക്കുറിപ്പ്

# കോവിഡ്-19

## പുതിയ കണ്ടയിൻമെന്റ് സോണായ പൗണ്ട്കടവ് വാർഡിലെ വലിയവേളി യൂണിറ്റ്-19 ഭാഗം അടച്ചു.

## വിലക്ക് ലംഘനം: 9 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 95 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 17 പേർക്കെതിരെയും നിയമ നടപടി 22,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് പുതുതായി കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ച പൗണ്ട്കടവ് വാർഡിലെ വലിയവേളി യൂണിറ്റ്-19 ഭാഗത്തേക്ക് കടന്നുവരുന്ന റോഡ് പോലീസ് ബാരിക്കേഡ് വച്ച് അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (02-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 9 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 95 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 17 പേരിൽ നിന്നുമായി 22,400/- രൂപ പിഴ ഈടാക്കുകയും ചെയ്തു.